**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ഇടുക്കി ഇടമലക്കുടി ഗ്രാമപഞ്ചായത്ത് - കുടിവെള്ള ടാങ്കും ഹോസും പഞ്ചായത്തിന്റെ വാർഷിക പദ്ധതിയിൽ നിന്നും വാങ്ങി നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്**

സ.ഉ.(സാധാ) നം. 2377/2019/തസ്വഭവ തിരുവനന്തപുരം, തീയതി, 26/10/2019

പരാമർശം:- വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 29/08/2018 ലെ തീരുമാനം നമ്പർ 4.48.

**ഉത്തരവ്**

ഇടുക്കി ജില്ലയിലെ ഇടമലക്കുടിയിൽ ജലനിധി പദ്ധതി ആരംഭിച്ചിട്ട് ഏകദേശം നാല് വർഷം പിന്നിട്ടെങ്കിലും പഞ്ചായത്തിന്റെ ഭൂരിഭാഗം ഭാഗത്തും വെള്ളം ലഭിച്ചിട്ടില്ല. പതിമൂന്നു വാർഡുകളിലുള്ള എല്ലാ കുടികളിലും കുടിവെള്ള ക്ഷാമം രൂക്ഷമാണ്. സ്വാഭാവിക ഉറവിടങ്ങളിൽ നിന്നും ഹോസ് മുഖേന ജലം കുടികളിൽ എത്തിക്കുന്നതിനുള്ള ചെലവ് സാധുക്കളായ ജനങ്ങൾക്ക് താങ്ങാൻ പറ്റുന്നതല്ല. മേൽ സാഹചര്യത്തിൽ കുടിവെള്ള പ്രശ്നം നേരിടുന്ന വാർഡുകളിൽ 2000 ലിറ്റർ, 3000 ലിറ്റർ കപ്പാസിറ്റിയുള്ള ടാങ്കും, സ്വാഭാവിക ഉറവയിൽ നിന്നും ടാങ്ക് സ്ഥാപിക്കുന്ന സ്ഥലത്തേക്ക് ഹോസും, പഞ്ചായത്തിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി വാങ്ങുന്നതിന് അനുമതി നൽകണമെന്ന് ഗ്രാമപഞ്ചായത്ത് കോ-ഓർഡിനേഷൻ കമ്മിറ്റിയോട് ആവശ്യപ്പെട്ടു.

വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 29/08/2018 ലെ യോഗം പ്രസ്തുത ആവശ്യം പരിഗണിച്ചു. കമ്മിറ്റിയുടെ പരാമർശ തീരുമാനപ്രകാരം ഇടമലക്കുടി ഗ്രാമപഞ്ചായത്തിലെ കുടിവെള്ള പ്രശ്നം നേരിടുന്ന വാർഡുകളിൽ 2000 ലിറ്റർ, 3000 ലിറ്റർ കപ്പാസിറ്റിയുള്ള ടാങ്കും സ്വാഭാവിക ഉറവയിൽ നിന്നും ടാങ്ക് സ്ഥാപിക്കുന്ന സ്ഥലത്തേക്ക് ഹോസും പഞ്ചായത്തിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി വാങ്ങുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)

ബീനമോൾ.കെ.ജെ,

**ഡെപ്യൂട്ടി സെക്രട്ടറി.**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

പ്രസിഡന്റ്/സെക്രട്ടറി, ഇടമലക്കുടി ഗ്രാമപഞ്ചായത്ത്, ഇടുക്കി.

ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

(തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ